**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4974** **04-07-2024 - ൽ മറുപടിയ്ക്ക്**

**അഴിക്കോട് - മുനമ്പം പാലത്തിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബിയിൽ നിന്നും 154.626 കോടി രൂപയുടെ സാമ്പത്തിക അനുമതിയും 16.12.2021-ന് 143.15 കോടി രൂപയുടെ സാങ്കേതികാനുമതിയും ലഭ്യമായിട്ടുള്ള അഴിക്കോട്-മുനമ്പം പാലം നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | അഴീക്കോട് - മുനമ്പം പാലത്തിന് 160 കോടി രൂപയ്ക്ക തത്വത്തിൽ ഭരണാനുമതിയും 154.626 കോടി രൂപയ്ക്ക കിഫ്ബിയുടെ സാമ്പത്തിക അനുമതിയും 181.55 കോടി രൂപയ്ക്ക പുതുക്കിയ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിക്ക് 143.15 കോടി രൂപയുടെ സാങ്കേതിക അനുമതി നൽകുകയും ടെൻഡർ നടപടികൾ പൂർത്തിയാക്കി 143.28 കോടി രൂപയ്ക്ക കരാർ നൽകുകയും ചെയ്തിട്ടുണ്ട്. നിലവിൽ അഴീക്കോട് ഭാഗത്തെ പൈലിംഗ് പ്രവർത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. തൂണുകളുടേയും, സ്ലാബുകളുടേയും നിർമ്മാണപ്രവർത്തികൾ പുരോഗമിച്ചുവരുന്നു. കായൽഭാഗത്തെ പൈലിംഗ് പ്രവർത്തികളിൽ 50% പൂർത്തീകരിച്ചിട്ടുണ്ട്. ആകെ 196 പൈലുകളിൽ 112 എണ്ണത്തിന്റെയും 34 പൈൽ ക്യാപ്പുകളിൽ 10 എണ്ണത്തിന്റെയും 55 തൂണുകളിൽ 17 എണ്ണത്തിന്റെയും നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പാലം നിർമ്മാണത്തിനായി മുനമ്പം ഭാഗത്തെ പെട്രോൾ പമ്പിന്റെ സ്ഥലം ഏറ്റെടുക്കുന്നതിൽ നേരിടുന്ന കാലതാമസം പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ; | (ബി) | മുനമ്പം ഭാഗത്തെ കായലിനോട് ചേർന്നുള്ള ഐ ആർ ബാഹുലേയൻ & കൊ. യുടെ ഉടമസ്ഥതയിലുള്ള സ്ഥലം പുറമ്പോക്ക് ആണെന്നും ഹർജിക്കാരന് സ്ഥലത്തിന്റെ വിലയ്ക്ക് നഷ്ടപരിഹാരം ലഭിക്കാൻ അർഹത ഇല്ലെന്നുമാണ് ലാൻഡ് അക്വസിഷൻ ഓഫീസർ (സ്പെഷ്യൽ തഹസിൽദാർ, എൽ.എ. എൻ.എച്ച്. നം.3, വൈറ്റില) റിപ്പോർട്ട് നൽകിയിട്ടുള്ളത്. ഈ സ്ഥലത്തെ ഓഫീസ് കെട്ടിടത്തിന് നഷ്ടപരിഹാര തുകയായ 3,67,310 രൂപ കണക്കാക്കുകയും ഈ തുക മേൽ കമ്പനിയുടെ അക്കൗണ്ടിലേക്ക് കൈമാറുന്നതിനായി ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ സമർപ്പിക്കാൻ ലാൻഡ് അക്വിസിഷൻ ഓഫീസർ ആവശ്യപ്പെട്ടു എന്നാൽ സർക്കാർ അനുവദിച്ച തുക കുറവായതിനാൽ നിരസിക്കുകയാണെന്നും ഈ ഭൂമി കമ്പനിയുടെ സ്വന്തം ഭൂമിയാണെന്നും ഇത് സംബന്ധിച്ച് ബഹു.ഹൈക്കോടതിയിൽ WP© |

| | | | |
|---|---|---|---|
| | | | 14109/2022 ഫയൽ ചെയ്തിട്ടുള്ളതാണെന്നും ഹർജിക്കാരൻ അറിയിച്ചിരുന്നു. കേസ് ഫയൽ ചെയ്തതിനെ തുടർന്ന് ഈ കമ്പനിയുടെ സ്ഥലം ഏറ്റെടുപ്പ് നടപടികൾ സ്റ്റേ ചെയ്യുവാൻ ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ബഹു. ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമായതിനാലാണ് ഭൂമി ഏറ്റെടുക്കുന്നതിൽ കാലതാമസം നേരിടുന്നത്. |
| (സി) | പ്രസ്തുത പാലത്തിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | കരാർ പ്രകാരം പ്രവൃത്തിയുടെ പൂർത്തീകരണ തീയതി 2025 ജനുവരി 17 വരെയാണ്. |

സെക്ഷൻ ഓഫീസർ